**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആശുപത്രികളിലെ പോസ്റ്റ്മാർട്ടം നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ പോസ്റ്റ്മാർട്ടം നടപടി നിലവിൽ എത്ര മണി വരെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിന്റെ സാധാരണ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ ആണ്. എങ്കിലും ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയായ എല്ലാ പോസ്റ്റ്മോർട്ടം **അപേക്ഷകളും സ്വീകരിച്ച് അന്നേ ദിവസം തന്നെ മെഡിക്കൽ കോളേജുകളിൽ പോസ്റ്റ്മോർട്ടം നടത്തി വരുന്നു.**<br><br>**മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ പാലിച്ചാണ് സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ പോസ്റ്റ്മോർട്ടം നടത്തിവരുന്നത്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ വൈകുന്നേരം 5 മണിവരെയാണ് പോസ്റ്റ്മോർട്ടം നടപടികൾ നടന്നു വരുന്നത്. എങ്കിലും പ്രാരംഭ നടപടികൾ അന്വേഷണ ഉദ്യോഗസ്ഥർ പൂർത്തിയാക്കി പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ, കാലതാമസം കൂടാതെ തന്നെ പോസ്റ്റ്മോർട്ടം നടപടികൾ നടത്തുകയും, പോസ്റ്റ്മോർട്ടം പൂർത്തിയാക്കി മൃതദേഹംബന്ധുക്കൾക്ക് വിട്ടുനൽകുകയും ചെയ്യുന്നുണ്ട്.** |
| (ബി) | സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ 5 മണിക്കു ശേഷം പോസ്റ്റ്മാർട്ടം നടപടികൾ നടത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളജുകളിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി രാത്രികാല പോസ്റ്റ്മോർട്ടം നടത്തിവരുന്നു. കൂടാതെ കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ രാത്രികാല പോസ്റ്റ് മോർട്ടം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ